(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യമേഖല നേരിടുന്ന വിപത്തുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ ഉൾനാടൻ മത്സ്യബന്ധന മേഖല അമിതമായ മത്സ്യബന്ധന സമ്മർദ്ദം അനുഭവപ്പെടുന്ന പ്രദേശമാണ്. ഊന്നി/ചീനവലകളുടെ അമിതമായ വർദ്ധനവ്, അനധികൃത വലകളുടെ ഉപയോഗം, നിരോധിത മത്സ്യബന്ധന രീതികളുടെ അനധികൃത പ്രവർത്തനം എന്നിവ കൂടാതെ പരിസ്ഥിതിക്ക് ഇണങ്ങാത്ത വികസന പ്രവർത്തനങ്ങൾ ജല മലിനീകരണം അനധികൃത കായൽ കൈയേറ്റം തുടങ്ങിയവ ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്.

സ്നൈക്ക്നെറ്റ് ഉപയോഗിച്ച് മത്സ്യം പിടിക്കുവാൻ അനുവാദം

23 [5399] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കോറപ്പുഴയിൽ എത്ര പേർക്ക് സ്നൈക്ക്നെറ്റ് (സ്റ്റേക്ക്നെറ്റ്) ഉപയോഗിച്ച് മത്സ്യം പിടിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) സ്റ്റേക്ക്നെറ്റിനുള്ള ലൈസൻസ് ലഭിക്കുവാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രയാണ് എന്നും ഇത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) 134 പേർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

അലങ്കാര മത്സ്യക്കൃഷി വ്യാപകമാക്കാൻ നടപടി

24 [5400] ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്:
ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽനിന്ന് ലഭിക്കുന്ന അലങ്കാര മത്സ്യങ്ങൾ ഉൾപ്പെടെ സംസ്ഥാനത്ത് അലങ്കാര മത്സ്യങ്ങളുടെ ശേഖരം എവിടെയെല്ലാമാണ് ഉള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അലങ്കാര മത്സ്യങ്ങൾക്ക് കൂടുതൽ വിപണന സാദ്ധ്യതയുള്ള ഈ അവസരത്തിൽ സംസ്ഥാനത്ത് അലങ്കാര മത്സ്യക്കൃഷി പ്രചരിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം സർക്കാർ നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറ മത്സ്യ ഉല്പാദന കേന്ദ്രം, മലമ്പുഴയിലെ അലങ്കാര മത്സ്യ പ്രദർശനശാല എന്നിവിടങ്ങളിൽ.

(ബി) ഇതു സംബന്ധിച്ച് വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) അലങ്കാര മത്സ്യകൃഷിയിലേർപ്പെട്ടിരിക്കുന്നവർക്ക് സംയോജിത യൂണിറ്റുകൾ ആരംഭിക്കുന്നതിന് 1,50,000 രൂപ സബ്സിഡി നൽകുന്നതിന് മത്സ്യകർഷക വികസന ഏജൻസി വിഭാവനം ചെയ്യുന്നുണ്ട്. പ്രതിവർഷം 50,000 മത്സ്യക്കുഞ്ഞുങ്ങളെയെങ്കിലും ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള അലങ്കാര മത്സ്യ വിത്തുൽപ്പാദന യൂണിറ്റുകൾക്ക് നിർമ്മാണ ചെലവിന്റെ പകുതിയോ 40,000 രൂപയോ ഏതാണ് കുറവെങ്കിൽ അത്രയും തുക സബ്സിഡി നൽകുന്ന പദ്ധതി കണ്ണൂർ ശുദ്ധജല മത്സ്യ കർഷക വികസന ഏജൻസി മുഖാന്തിരം നടപ്പാക്കിവരുന്നു.

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

25 [5401] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എൻ. ശക്തൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളികൾ അടച്ച എന്തു തുകയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റ് സംസ്ഥാന ഗവൺമെന്റ് നൽകാതിരുന്നു;

(ബി) അപ്രകാരം വരുത്തിയ കുടിശ്ശിക എത്രയായിരുന്നു; ഈ ഗവൺമെന്റ് കുടിശ്ശികയൊക്കെ തീർത്തുവോ;

(സി) മുൻ കുടിശ്ശിക ഉൾപ്പെടെ ഈ ഗവൺമെന്റ് ഈ പദ്ധതിപ്രകാരം എന്തു തുക മത്സ്യത്തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്?

ഉത്തരം

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് 2000-01 സാമ്പത്തിക വർഷം നൽകേണ്ടിയിരുന്ന 219.857 ലക്ഷം രൂപയുടെ മാച്ചിംഗ് ഗ്രാന്റ് നൽകാതിരുന്നു.

(ബി) കുടിശ്ശിക കൊടുത്തു തീർത്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly